പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2530 05/02/2018 ൽ മറുപടിക്ക്

**ദേവസ്വം വകുപ്പ് ക്ഷേത്രങ്ങൾക്ക നൽകുന്ന സഹായങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ മന്ത്രി) | |
| (എ) | ദേവസ്വം വകുപ്പ് ക്ഷേത്രങ്ങൾക്ക നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | എല്ലാ ദേവസ്വം ബോർഡുകളുടെയും കീഴിൽ വരുന്ന ക്ഷേത്രങ്ങളിലെ കാവുകൾക്കും കുളങ്ങൾക്കും ആൽത്തറകൾക്കുമുള്ള നവീകരണത്തിനായി ധനസഹായം അനുവദിക്കുന്നു. മലബാർ ദേവസ്വത്തിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ അറ്റകുറ്റപ്പണി, പുന:രുദ്ധാരണം എന്നിവക്കുള്ള ഗ്രാന്റ്, ക്ഷേത്ര ജീവനക്കാരുടെ ശമ്പള കുടിശ്ശിക, ആചാരസ്ഥാനികർ, കോലധാരികൾ എന്നിവർക്കുള്ള ധനസഹായത്തിനുള്ള തുക തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ശബരിമല ശ്രീധർമ്മ ശാസ്താ ക്ഷേത്രത്തിന്റെ വികസനത്തിന് ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയ്ക്കും, പത്മനാഭസ്വാമി ക്ഷേത്രത്തിനുള്ള ആന്വൽ കോൺട്രിബ്യൂഷനും വേണ്ടിയുള്ള തുക എന്നിവ നൽകി വരുന്നു. |
| (ബി) | പ്രസ്തുത സഹായങ്ങൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ക്ഷേത്രങ്ങളുടെ പൗരാണികത കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും ശോച്യാവസ്ഥ ക്ഷേത്രങ്ങളുടെ വരുമാനം, ഭക്ത ജനത്തിരക്ക് സുരക്ഷാ സംബന്ധമായ കാര്യങ്ങൾ മുതലായവയാണ് മാനദണ്ഡങ്ങളായി കണകാക്കിയിട്ടുള്ളത്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേത്രങ്ങൾക്ക നൽകിയ സഹായങ്ങൾ മണ്ഡലം തിരിച്ച് ക്ഷേത്രങ്ങളുടെ പേരു സഹിതം വ്യക്തമാക്കാമോ? | (സി) | മണ്ഡലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ